"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിനോദസഞ്ചാര വകുപ്പ് - കോവിഡ്-19 സമാശ്വാസ പദ്ധതി-റിവോൾവിംഗ് ഫണ്ട് പദ്ധതി-ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.334/2021/ടൂറിസം തീയതി,തിരുവനന്തപുരം, 25/10/2021

---

പരാമർശം:-

1. സ.ഉ.(സാധാ)നം. 299/2021/ടൂറിസം, തീയതി 05-10-2021.
2. വിനോദസഞ്ചാരവകുപ്പ് ഡയറക്ടറുടെ 21-10-2021 -ലെ എം4-8026/2021 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം ഉത്തരവ് പ്രകാരം കോവിഡ് മഹാമാരിയുടെ വ്യാപനത്തെ തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെ സാമ്പത്തികമായി സഹായിക്കുന്നതിനായുള്ള "റിവോൾവിംഗ് ഫണ്ട്" പദ്ധതി അംഗീകരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത പദ്ധതിയിൽ ചില ഭേദഗതികൾ വരുത്തണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിനോട് ആഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

"A. **പദ്ധതിയുടെ സംക്ഷിപ്തം** : ഇനം 4-ൽ പ്രതിപാദിച്ചിരിക്കുന്ന "അംഗീകൃത (രജിസ്റ്റേഡ്) സംഘടനകൾ" എന്നത് "Act for registration of literary, scientific and charitable societies" അനുസരിച്ച് രജിസ്റ്റർ ചെയ്ത സംഘടനകളെ ഉദ്ദേശിച്ചായിരിക്കും."

"C. **അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ** : ഇനം a. വിഭാഗം 1 എന്നതിൽ ഇനം 3-ൽ പ്രതിപാദിച്ചിരിക്കുന്ന ആദ്യത്തെ രണ്ട് രേഖകളിൽ ഒന്ന് കർശനമായും സമർപ്പിച്ചിരിക്കണം.

C. വിഭാഗം 3- ൽപ്പെടുന്ന അപേക്ഷകർ, തങ്ങൾ രജിസ്റ്റേഡ് സംഘടനയിൽ അംഗമാണെന്ന് തെളിയിക്കുന്ന ബന്ധപ്പെട്ട സംഘടനയുടെ സാക്ഷ്യ പത്രം നിർബന്ധമായും സമർപ്പിച്ചിരിക്കണം."

D. **അപേക്ഷകൾ പരിശോധിച്ച് വായ്പ അനുവദിക്കുന്നതിനുള്ള സമിതി:** എന്ന ഇനത്തിന്റെ അവസാന ഇനമായി "വായ്പ അനുവദിക്കുന്നതിനുള്ള സമിതിയുടെ ക്വാറം ആകെയുള്ള അംഗങ്ങളുടെ മൂന്നിൽ ഒന്നായിരിക്കും." എന്ന് ചേർക്കുന്നു

E. **റിവോൾവിംഗ് ഫണ്ട് കൈകാര്യം ചെയ്യേണ്ടുന്ന രീതി** എന്ന ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുന്നു

"**G. റിവോൾവിംഗ് ഫണ്ട് പദ്ധതി നടത്തിപ്പിനുള്ള പ്രവർത്തന ക്രമം.**

- വിനോദസഞ്ചാര വകുപ്പ് ഓൺലൈൻ പോർട്ടൽ തയ്യാറാക്കി ഉത്തരവാദിത്ത ടൂറിസം മിഷന് കൈമാറേണ്ടതും തുടർന്നുള്ള പ്രവർത്തനങ്ങൾ മിഷൻ മുന്നോട്ട് കൊണ്ടുപോകേണ്ടതുമാണ്.
- റിവോൾവിംഗ് ഫണ്ട് പദ്ധതിയുടെ നടത്തിപ്പിനായി ഉത്തരവാദിത്ത ടൂറിസം മിഷന് രണ്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ ടൂറിസം വകുപ്പിന്റെ നിയോഗിക്കപ്പെട്ട ഏജൻസി വഴി നിശ്ചയിക്കപ്പെട്ട കരാറനുസരിച്ച് താൽക്കാലികാടിസ്ഥാനത്തിൽ നിശ്ചിതകാലത്തേയ്ക്ക് നിയമിക്കാവുന്നതാണ്."

3. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇ സഹീദ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.

സ്റ്റേറ്റ് ആർ.ടി. മിഷൻ കോർഡിനേറ്റർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I &ആഡിറ്റ് II), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (vide U.O. No. 1819773 EXP -B3/231-Fin dated 01-10-2021)

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ